പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3862

21.06. 2018 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് കുടിശ്ശിക

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് 31.03.2018 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 2414.89 കോടി രൂപയാണ്.

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് എത്ര രൂപ വീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വിഭാഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.20 കോടി രൂപ |
| 2. | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1358.02 കോടി രൂപ |
| 3. | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 19.18 കോടി രൂപ |
| 4. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 2.61 കോടി രൂപ |
| 5. | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.56 കോടി രൂപ |
| 6. | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 23.74 കോടി രൂപ |
| 7. | ഗാർഹിക ഉപഭോക്താക്കൾ | 246.69 കോടി രൂപ |
| 8. | സ്വകാര്യ സ്ഥാപനങ്ങൾ | 594.79 കോടി രൂപ |
| 9. | ലൈസൻസികൾ | 15.78 കോടി രൂപ |
| 10. | മറ്റു സ്ഥാപനങ്ങൾ | 62.32 കോടി രൂപ |
| | ആകെ | 2414.89 കോടി രൂപ |

കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ, സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ

| | |
|---|---|
| | നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) കുടിശ്ശിക സംബന്ധിച്ച് എത്ര തുക കോടതി വ്യവഹാരങ്ങളിൽപ്പെട്ട് മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) 31.03.2018 - വരെയുള്ള കുടിശ്ശികയിൽ 412.30 കോടി രൂപ വിവിധ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ